**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3584** **08-10-2025 - ൽ മറുപടിയ്ക്ക്**

**കാസറഗോഡ് ജില്ലയിലെ കുഡ്ലു വില്ലേജ് ഓഫീസ് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ കുഡ്ലു വില്ലേജ് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്ത് രണ്ടു വർഷം കഴിഞ്ഞിട്ടും കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (എ) | കാസർഗോഡ് താലൂക്കിലെ മൊഗ്രാൽ പുത്തൂർ, മധൂർ എന്നീ രണ്ട് ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്നതാണ് കുഡ്ലു ഗ്രൂപ്പ് വില്ലേജ്. മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിലെ എരിയാലിൽ പ്രവർത്തിക്കുന്ന കുഡ്ലു വില്ലേജ് ഓഫീസിന്റെ പ്രവർത്തനം ഉളിയത്തടുക്കയിലുള്ള പുതിയ കെട്ടിടത്തിലേക്ക് മാറ്റിയാൽ മധൂർ പഞ്ചായത്തിലെ ഒരേ വാർഡിൽ തന്നെ രണ്ട് വില്ലേജ് ഓഫീസുകൾ (മധൂർ, കുഡ്ലു) ഉണ്ടാകുകയും മൊഗ്രാൽ പുത്തൂർ പഞ്ചായത്തിൽ വില്ലേജ് ഓഫീസ് ഇല്ലാതെ വരികയും ചെയ്യുന്ന സാഹചര്യമുണ്ടാകുമെന്നുമുള്ള ആശങ്കകൾ ഉയർന്നതിനെത്തുടർന്നാണ് പ്രസ്തുത വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്തത്. പ്രസ്തുത ആശങ്കകൾ ദൂരീകരിച്ച് പുതിയ വില്ലേജ് ഓഫീസ് കെട്ടിടം പ്രവർത്തനക്ഷമമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ